(ii) കൈയെഴുത്തുകല

ഇസ്‌ലാമിക കലകളിൽ ഏറ്റവും കുലീനം എന്നു വിശേഷിപ്പിക്കപ്പെടുന്നത് കൈയെഴുത്തുകല(കലിഗ്രഫി)യെയാണ്. ഖുർആൻ വാക്യങ്ങളുടെ ലിപിയാവിഷ്കാരങ്ങളാണ് ഇവയിലധികവും. എഴുത്തറിയാവുന്നവരെല്ലാം ഈ കല സ്വായത്തമാക്കാൻ ശ്രമിച്ചിരുന്നു. ഇസ്‌ലാം പ്രതിമാ നിർമാണം വിലക്കിയതിനാൽ മുസ്‌ലിം കലാകാരന്മാരുടെ സർഗോർജം കലിഗ്രഫിയിലാണ് വിനിയോഗിക്കപ്പെട്ടത്. ഈ കല തഴച്ചു വളരുന്നതിന് ഇതിടയാക്കി. മുസ്‌ലിം സൗന്ദര്യബോധത്തെ കലിഗ്രഫിയോളം ത്രസിപ്പിച്ച മറ്റൊരു കലാരൂപമില്ല എന്ന് നിസ്സംശയം പറയാം.

ഖുർആൻ എഴുതി സൂക്ഷിക്കാൻ പ്രവാചകൻ ശിഷ്യന്മാരിൽ ചിലരെ ചുമതലപ്പെടുത്തിയിരുന്നു. ദൈവവചനങ്ങൾ പരമാവധി സുന്ദരമായി എഴുതിവയ്ക്കാൻ അവർ നിഷ്കർഷിച്ചു. പില്ക്കാലത്ത് രാജാക്കന്മാർ പോലും ഖുർആൻ പകർത്തിയെഴുതുന്നത് ഒരു പുണ്യകർമമായാണു കണ്ടത്. ഇത് കൈയെഴുത്തു കലയുടെ വളർച്ചക്ക് കാരണമായി. അതേപോലെ പള്ളികളുടെ മിഹ്റാബും ചുമരുകളും മനോഹരമായി ആലേഖനം ചെയ്ത ഖുർആൻ വാക്യങ്ങൾകൊണ്ടലങ്കരിക്കുക ഒരു പതിവായിത്തീർന്നു. അറബിയുടെ വ്യത്യസ്ത ലിപി മാതൃകകൾ ഇതിനായി ഉപയോഗപ്പെടുത്തപ്പെട്ടു. കൂഫി ലിപിയിലാണ് ആദ്യകാലത്ത് ഖുർആൻ എഴുതിയിരുന്നത്. പിന്നീട് നസ്ഖ്, തഅ്‌ലീഖ്, ഥുലുഥ്, മഗ്‌രിബി, ദീവാനി ലിപി മാതൃകകളും പ്രചാരം നേടി. കൈയെഴുത്ത് കലയ്ക്ക് വൈവിധ്യവും വ്യാപ്തിയും നല്കുന്നതിന് വിവിധ ലിപി മാതൃകകൾ സഹായകമായിത്തീർന്നിട്ടുണ്ട്. അക്ഷരങ്ങൾകൊണ്ട് പക്ഷിമൃഗാദികളുടെ ചിത്രങ്ങൾ കൃത്യമായി വരച്ചെടുക്കുക കൈയെഴുത്തു കലാകാരന്മാരുടെ ആത്മാവിഷ്കാരത്തിന്റെ ഭാഗമായിത്തീർന്നു. ''ബിസ്മില്ലാഹിർറഹ്മാനിർറഹീം'' എന്ന വിശുദ്ധ ഖുർആനിലെ പ്രാരംഭ വാക്യം വൈവിധ്യമാർന്ന ഒട്ടേറെ രീതികളിൽ കൈയെഴുത്തു കലാകാരന്മാർ ആവിഷ്കരിച്ചിട്ടുണ്ട്. ഖുർആൻ വാക്യങ്ങൾക്കു പുറമേ ഗ്രന്ഥനാമങ്ങളും മറ്റു തത്ത്വോപദേശങ്ങളും കലിഗ്രഫിക്ക് ഉപയോഗിച്ചു.

അറബി കലിഗ്രഫിയിൽ ജ്യാമിതീയമായ കണിശതയും സംഗീതാത്മകമായ താളവും അദ്ഭുതകരമാം വിധം സമന്വയിക്കുന്നതു കാണാം. ഉള്ളടക്കത്തിനും പ്രമേയത്തിനുമനുസരിച്ച് എഴുത്തിന്റെ താളത്തിനും വ്യത്യാസം വരുത്താൻ കലാകാരന്മാർ ശ്രദ്ധിച്ചു. പൂർണമായും അമൂർത്ത സ്വഭാവം പുലർത്തുന്നവയാണ് അറബി അക്ഷരങ്ങൾ എന്ന പ്രത്യേകതയും കലിഗ്രഫിയുടെ കലാപരമായ സൗന്ദര്യം കൂട്ടുന്നതിന് സഹായിച്ച ഘടകമാകുന്നു. ചിത്രലിപിയുള്ള ചൈനീസ് ഭാഷയിലെ കലിഗ്രഫിയെക്കാൾ അറബി കലിഗ്രഫിക്കുള്ള അമൂർത്തത കലാചരിത്രകാരന്മാർ പ്രത്യേകം പരാമർശിക്കുന്നുണ്ട്. ചൈനീസ് -ജപ്പാനീസ് കൈയെഴുത്തുകലാകാരന്മാർ അക്ഷരങ്ങളെ വേറിട്ട് വിന്യസിക്കുമ്പോൾ അറബി കൈയെഴുത്തു വിദഗ്ധർ അക്ഷരങ്ങൾ തമ്മിലുള്ള ഉദ്ഗ്രഥനത്തിലാണ് ശ്രദ്ധിക്കുന്നത്. അക്ഷരങ്ങൾ തമ്മിലുള്ള അനായാസമായ ഈ ഉദ്ഗ്രഥനം അറബി കലിഗ്രഫിക്ക് സവിശേഷമായ താളപ്പൊരുത്തവും സംഗീതവും സമ്മാനിക്കുന്നു. പ്രവൃത്തിയുടെ ദിശയായ വലതുഭാഗത്തുനിന്ന് ഹൃദയത്തിന്റെ ദിശയായ ഇടതു ഭാഗത്തേക്കാണ് അറബി എഴുത്തിന്റെ ഒഴുക്ക്. അതിനാൽ പുറത്തുനിന്ന് അകത്തേക്കുള്ള അനുക്രമമായ പുരോഗതിയാണ് അറബിയിൽ എഴുത്തുകല എന്നു ബുക്കാർഡ്റ്റ് നിരീക്ഷിക്കുന്നു.

പുസ്തകങ്ങൾ കമനീയമായി അലങ്കരിക്കുന്നതിന്റെ ഭാഗമായാണ് കൈയെഴുത്തു കല പെട്ടെന്നു വികസിച്ചത്. എഴുതാൻ മൃഗത്തോലുകൾക്കു പകരം കടലാസ് ഉപയോഗിച്ചു തുടങ്ങിയത് കലിഗ്രഫിയുടെ വളർച്ചക്ക് വേഗം കൂട്ടി. എട്ടാം നൂറ്റാണ്ടിലാണ് മുസ്‌ലിംലോകത്ത് കടലാസ് പ്രചാരത്തിൽ വന്നത്. ക്രി. 900-ത്തിനടുത്ത് അബ്ബാസീ ഖലീഫഃയുടെ സചിവനായിരുന്ന ഇബ്നുമുഖ്‌ലഃ കടലാസിൽ പേനകൊണ്ടെഴുതാൻ പാകത്തിൽ അറബി അക്ഷരങ്ങളുടെ അളവും അനുപാതവും തിട്ടപ്പെടുത്തി. ഇബ്നുമുഖ്‌ലഃ തന്റെ കൈയെഴുത്തുകല തന്റെ മകളടക്കം പലർക്കും പഠിപ്പിച്ചു കൊടുത്തു. പ്രമുഖ കൈയെഴുത്തു കലാ വിദഗ്ധരായ അലിയ്യുബ്നു ഹിലാൽ, ഇബ്നുൽബവ്വാബ് എന്നിവർ ഇബ്നുമുഖ്‌ലഃയുടെ ശിഷ്യന്മാരിൽ ഉൾപ്പെടുന്നു. ശീറാസിലെ ബുവൈഹി ഭരണാധികാരി ഇബ്നുൽബവ്വാബിനെ കൊട്ടാരത്തിലെ ഗ്രന്ഥാലയ സൂക്ഷിപ്പുകാരനായി നിശ്ചയിച്ചു. ഗ്രന്ഥാലയത്തിൽ ഇബ്നുമുഖ്‌ലഃ എഴുതിയ 30 ഖുർആൻ പ്രതികളുണ്ടായിരുന്നു. ഒന്ന് കാണാതായി. അതിനു പകരം ഒരു കോപ്പി തയ്യാറാക്കാൻ ഭരണാധികാരി ഇബ്നുൽബവ്വാബിനോടാവശ്യപ്പെട്ടു. ഇബ്നുൽ ബവ്വാബ് തയ്യാറാക്കിയ കോപ്പി മറ്റുള്ളവയുടെ കൂട്ടത്തിൽ വച്ചപ്പോൾ ഇബ്നുമുഖ്‌ലഃയുടെ എഴുത്തു പ്രതികളിൽനിന്ന് ഇബ്നുൽബവ്വാബിന്റേത് വേർതിരിച്ചെടുക്കാൻ ഭരണാധികാരിക്ക് സാധിച്ചില്ലത്രെ. ഇബ്നുൽബവ്വാബ് ഖുർആൻ 64 തവണ പകർത്തിയെഴുതിയതായി പറയപ്പെടുന്നു. അവയിൽ ഒരു കോപ്പി മാത്രമേ അവശേഷിക്കുന്നുള്ളൂ. ഖുർആന്റെ പേജുകൾ മനോഹരമായ ചിത്രപ്പണികൾകൊണ്ട് അദ്ദേഹം അലങ്കരിച്ചു.

ഖുർആന്നു പുറമേ ഇതര സാഹിത്യ കൃതികളും കലിഗ്രഫി ചെയ്ത് അലങ്കരിച്ചു സൂക്ഷിക്കുക അറബി കൈയെഴുത്തു വിദഗ്ധരുടെ പതിവായിരുന്നു.

ഇബ്നുമുഖ്‌ലഃയുടെയും ഇബ്നുൽ ബവ്വാബിന്റെയും സമകാലികനായ അബൂഹയ്യാനുത്തൗഹീദി (മ. ക്രി. 1009) കൈയെഴുത്തുകലയെ സംബന്ധിച്ചു ഒരു നിബന്ധം രചിച്ചിട്ടുണ്ട്. അതിൽ കൈയെഴുത്തിനെ 'വിഷമകരമായ ജ്യാമിതി', 'സംഗീതം' എന്നൊക്കെ വിശേഷിപ്പിച്ചതു കാണാം. എഴുത്തിന്റെ രീതികൾ, മഷി, പേനയുടെ ആകൃതി തുടങ്ങി കൈയെഴുത്തു കലയുമായി ബന്ധപ്പെട്ട തത്ത്വങ്ങളും പ്രയോഗങ്ങളും ഈ നിബന്ധത്തിൽ വിശദീകരിച്ചിട്ടുണ്ട്.

തുർകി വംശജനായ യാഖൂതുൽ മുസ്തഅ്സിമി (മ. ക്രി. 1299) പ്രസിദ്ധനായ ഒരു കൈയെഴുത്തു കലാകാരനായിരുന്നു. യാഖൂതിന് പ്രമുഖരായ ആറു ശിഷ്യന്മാരുണ്ട്.

*കലീലഃ വദിംനഃ* പോലെയുള്ള കഥാഗ്രന്ഥങ്ങളും ഇതര സാഹിത്യ കൃതികളും കൈയെഴുത്തു കലാകാരന്മാർ ചിത്രങ്ങൾകൊണ്ട് അനശ്വരങ്ങളാക്കി. പേർഷ്യൻ കൃതിയായ *ഷാനാമ*യിലെ ചിത്രങ്ങൾ ഇന്നും കലാസ്വാദകരെ ഹഠാദാകർഷിക്കുന്നു. അറബിയിലെ *മഖാമാതു*കളും ചിത്രാലങ്കാരങ്ങൾക്കു പുകൾപെറ്റതാണ്.